പിച്ചിട്ട് എട്ടു മാസങ്ങൾ കഴിഞ്ഞിട്ടുപോലും ഈ വർദ്ധനവിന്റെ ഫലം അനാഥശാലകൾക്ക് എത്തുന്നില്ല എന്നുള്ളത് ദു:ഖകരമായ വസ്തുതയാണ്. വർദ്ധിപ്പിച്ച കാശ് അടിയന്തിരമായി കൊടുക്കണം. പെൻഡിംഗായി കിടക്കുന്ന കാശ് കൊടുക്കണം. അതോടൊപ്പംതന്നെ അഞ്ചു വർഷങ്ങൾക്കിടയിൽ പ്രവേശനം ലഭിച്ചിട്ടുള്ള അനാഥക്കുട്ടികൾക്ക് ഒന്നുംതന്നെ കൊടുക്കുന്നില്ല എന്നുള്ളത് അതീവ ദു:ഖകരമായ ഒരു വസ്തുതയാണ്. അതുംകൂടി പരിഹരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, അനാഥാലയങ്ങളിലെ അന്തേവാസികളുടെ ഗ്രാന്റ് പ്രതിമാസം 100 രൂപയാണ്. അത് 125 രൂപയായി വർദ്ധിപ്പിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. അതനുസരിച്ച് വർദ്ധനവ് വരുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. പിരിശോധനാവേളയിൽ ശരിയായ രേഖകളില്ലാതിരുന്ന ഒരു ഓർഫനേജ് ഒഴികെ മറ്റുള്ളവയ്ക്കെല്ലാം 1998-99 സാമ്പത്തികവർഷം വരെയുള്ള ഗ്രാന്റ് പൂണ്ണമായും കൊടുത്തുകഴിഞ്ഞിട്ടുണ്ട്. മതിയായ തുക ലഭ്യമല്ലാതിരുന്നതു കൊണ്ടാണ് 1999-2000-ൽ ഗ്രാന്റ് പൂർണ്ണമായും നൽകാൻ കഴിയാത്തത്. ഈ വർഷം ഓർഫനേജുകൾക്ക് ഗ്രാന്റ് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീതിച്ച് നൽകിയിട്ടുണ്ട്. കുടിശ്ശിക തീർത്ത് ഗ്രാന്റ് നൽകാൻ ഈ വർഷം 2,60,91,000 രൂപകൂടി ആവശ്യമാണ്. ഈ തുക കണ്ടെത്താൻ സർക്കാർതലത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) കെ.എൽ.യു.നിയമത്തിൽ ഭേദഗതി വരുത്തേണ്ടതു സംബന്ധിച്ച്

ശ്രീ. വി.കെ. ചന്ദ്രൻ : സർ, ഭൂരഹിതരായ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിന് അഞ്ചോ പത്തോ സെന്റ് ഭൂമി നികത്താൻ കഴിയാത്തതിൽ വളരെയേറെ പ്രയാസം അനുഭവപ്പെടുന്നുണ്ട്. കരഭൂമിയുടെ അളവ് കുറയുകയും ഉള്ള ഭൂമിക്ക് കനത്ത വില കൊടുക്കേണ്ടിവരികയും ചെയ്യുന്നതിനാൽ വീടുവയ്ക്കാൻ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ, നിലവിലുള്ള കെ.എൽ.യു. നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി പാവപ്പെട്ടവരെ സഹായിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഭൂരഹിതരായിട്ടുള്ളവർക്ക് വീട് വയ്ക്കുന്നതിന് കെ.എൽ.യു. നിയമവുമായി ബന്ധപ്പെട്ട് പ്രയാസമുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 1977-ലെ കേരള ഭൂവിനിയോഗ നിയമപ്രകാരം നെൽപ്പാടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി നികത്തുന്നതിന് കർശനമായ നിയന്ത്രണങ്ങൾക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട് കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച സഭയുടെ ഒന്നാം നമ്പർ സബ്ജക്ട്കമ്മിറ്റി ഇതു സംബന്ധിച്ച് പഠനം നടത്തുകയും നമ്മുടെ സംസ്ഥാനത്തിൽ എല്ലാ പ്രദേശങ്ങളിലും ഈ കമ്മിറ്റി പോയി പലരിൽനിന്നും തെളിവ് ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കാലാനുസൃതമായ ചില മാറ്റങ്ങൾ ഇതിൽ വരുത്തുന്നതിന് ഗവൺമെന്റിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂവകുപ്പുമന്ത്രിയും ഞാനും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമിരുന്ന് ഈ ശുപാർശകളുടെ എല്ലാ വശങ്ങളെ സംബന്ധിച്ചും പരിശോധിക്കുകയുണ്ടായി. ആ ശുപാർശകളിൽ പറയുന്നത്. കുടുംബസ്വത്ത് ഭാഗാധാരപ്രകാരം ലഭിക്കുമ്പോൾ കരഭൂമിയില്ലാതെ നെൽപ്പാടങ്ങൾ മാത്ര

LIBRARY ARCHIVES Kerala Legislative Assembly

മാണ് ലഭിക്കുന്നതെങ്കിൽ അങ്ങനെയുള്ളവർക്ക് ഗ്രാമപ്രദേശങ്ങളിൽ വീടുവ യ്ക്കുന്നതിന് പത്ത് സെന്റും പട്ടണപ്രദേശങ്ങളിൽ വീടുവയ്ക്കാൻ അഞ്ചു സെന്റും ആ നെൽപ്പാടത്തിലെ മറ്റു കൃഷികൾക്ക് തടസ്സമില്ലാത്ത രീതിയിൽ വീടുവയ്ക്കാൻ നികത്തുന്നതിന് മനുഷ്യത്വപരമായിട്ടുള്ള സമീപനം സ്വീകരി ക്കണം. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അതു സംബന്ധിച്ച് ചർച്ച നടത്തി. ഈ ഭേദഗതിക്ക് ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ റവന്യൂകമ്മിഷ ണർക്ക് സമർപ്പിക്കണമെന്ന് കമ്മിറ്റി ആവശ്യപ്പെടുകയും അതനുസരിച്ച് നിർദ്ദേശം റവന്യൂ കമ്മിഷണർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇനി ഇക്കാര്യം മന്ത്രിസഭായോഗം പരിഗണിക്കണം. അതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും വാങ്ങിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ അനുമ തിയോടുകൂടി മാത്രമേ ആ ഉത്തരവിൽ ഭേദഗതി വരുത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി അയച്ചുകൊടുക്കുന്നതാണ്. ഗ്രാമപ്രദേശങ്ങ ളിൽ പത്ത് സെന്റും പട്ടണപ്രദേശങ്ങളിൽ അഞ്ചുസെന്റും വളരെ അത്യാവശ്യ മാണ്. പ്രത്യേകിച്ചും പാലക്കാട് ജില്ലയിലാണ് ഇതിന്റെ ബുദ്ധിമുട്ട് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്. കരഭൂമി ഏറ്റവും കുറഞ്ഞ ജില്ലയാണ് പാല ക്കാട്. അവിടെയാണ് പ്രധാനമായും ഈ പ്രശ്നം വരുന്നത്. അതുകൊണ്ട് വളരെ അനുകൂലമായ പരിഗണനയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ളത്.

(13) കാസർഗോഡ് ജില്ലയിൽ വനിതാകോളേജ്

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : സർ, കാസർഗോട് ജില്ലയിൽ വനിതാകോളേജ് അനുവദിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. കാസർഗോഡ് ഒരു പിന്നോക്ക ജില്ലയാണ്. വിദ്യാഭ്യാ സപരമായും നാം ആഗ്രഹിച്ചവിധത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. നിലവിൽ മഹാകവി ഗോവിന്ദപ്പൈ സ്മാരക കോളേജ്, മഞ്ചേശ്വരം, കാസർഗോഡ് ഗവൺമെന്റ് കോളേജ്, കാഞ്ഞങ്ങാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ്, എളേരിത്തട്ട് ഗവൺമെന്റ് കോളേജ്, രാജപുരം സെന്റ്പ യസ്സ് ടെൻത് കോളേജ് എന്നിവയാണ് നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങ ൾ. മറ്റു പല ജില്ലകളിലും നിന്നും വ്യത്യസ്തമായി, വേണ്ടത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ട് വിദ്യാർത്ഥികൾ തൊട്ടടുത്ത കർണ്ണാടക സംസ്ഥാനത്തെയാണ് ആശ്രയിക്കുന്നത്. അതോടൊപ്പം ഉന്നതസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റു ജില്ലകളിൽനിന്നും വളരെ കുറവാണ് ഇവി ടെ. ഈ പ്രത്യേക സാഹചര്യംകൂടി പരിഗണിച്ച് ഒരു ഭാഷാസംഗമഭൂമിയായ കാസർഗോഡ് വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും മറ്റും പരിഗണിച്ച് ജില്ലയിൽ ഒരു വനിതാ കോളേജ് അനുവദിക്കണമെന്ന് വിനയപൂർവം വിദ്യാഭ്യാസവകു പ്പുമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കാസർഗോഡ് ജില്ലയിൽ ഇപ്പോൾ മൂന്ന് ഗവൺമെന്റ് കോളേജുകളും, രണ്ട് പ്രൈവറ്റ് കോളേജുകളും നിലവിലുണ്ട്. സർക്കാർ കോളേജുകളുടെ കാര്യത്തിലാണെകിൽ ഒരു സർക്കാർ കോളേജുമില്ലാത്ത രണ്ടു ജില്ലകളുണ്ട്. ആലപ്പുഴയും പത്തനംതിട്ടയും ഒരു സർക്കാർ കോളേജുമില്ല. പിന്നെ, സ്വകാര്യ കോളേജുകൾ അവിടെ തുടങ്ങുന്ന ഒരു പ്രൊപ്പോസലും ഗവൺമെന്റിന് കിട്ടിയിട്ടില്ല. അതുകൊണ്ട്, ഇനി കോളേജുകൾ തുടങ്ങുന്ന അവസരത്തിൽ, കാസർഗോഡിന്റെ കാര്യം പ്രത്യേകം പരിഗണിക്കും.

LIBRARY ARCHIVES Kerala Legislative Assembly